(ഡി)

വർഷം	220 കെ.വി.	110 കെ.വി.	66 കെ.വി.	33 കെ.വി.	മൊത്തം എണ്ണം
2006-07	-	2	3	10	15
2007-08	1	4	1	13	19
2008-09	-	2	-	16	18
2009-10	2	9	-	18	29
2010-11	-	5	1	7	13
				മൊത്തം	94

(ഇ)

വർഷം	220 കെ.വി.	110 കെ.വി.	66 കെ.വി.	33 കെ.വി.	മൊത്തം
2011-12	-	3	-	7	10
2012-13	1	1	1	8	11
2013-14	-	5	1	4	10
2014-15	1	-	-	1	2
				മൊത്തം	33

ഡാമുകളിലെ ജലപ്പർപ്പിൽ സൗരവൈദ്യുത നിലയങ്ങൾ

37 (4028) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ഡാമുകളിലെ ജലപ്പരപ്പിൽ സൗരവൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഏതെല്ലാം ഡാമുകളിലാണ് ഈ പദ്ധതി ആവിഷ്കരിക്കുന്നതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി എപ്പോൾ ആരംഭിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്;

(ഡി) ഏതെല്ലാം കമ്പനികളാണ് പദ്ധതിയിൽ സഹകരിക്കുന്നതിന് തയ്യാറായിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഇ) ഈ പദ്ധതിയുടെ പ്രതീക്ഷിത ചെലവെത്രയാണ്?

ഉത്തരം

(എ) കെ.എസ്.ഇ.ബി. ഡാമുകളിലെ ജലപ്പരപ്പിൽ സൗരോർജ്ജ വൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(ബി) പടിഞ്ഞാറെത്തറ ഡാമിൽ ബാണാസുരസാഗർ റിസർവ്വോയറിൽ 500 KWP ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ രണ്ടാം ഘട്ടമായി JICA-യുടെ സഹായം ലഭ്യമാകുകയാണെങ്കിൽ ബാണാസുരസാഗർ റിസർവ്വോയറിൽ 2.5 MWP ഫ്ലോട്ടിംഗ് സോളാർ നിലയം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. കക്കയം 2 MWP സോളാർ പമ്പിംഗ് സ്കീം നടപ്പാക്കാനുദ്ദേശിക്കുന്നു.

(സി) 500 KWP ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ് 2014-15-ൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. മറ്റുള്ളവ JICA-യുടെയും MNRE-യുടെയും സഹായം ലഭിക്കുന്ന മുറയ്ക്ക് 2015-16-ൽ നടപ്പാക്കും.

(ഡി) കെ.എസ്.ഇ.ബി. 500 KWP ഫ്ലോട്ടിംഗ് സോളാർ പദ്ധതിയ്ക്കായി ക്ഷണിച്ച EOI -ൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ താത്പര്യം പ്രകടിപ്പിച്ചു :

1. AIC Solar Project (P) Limited, Andra Pradesh
2. Enzen Global Solutions, Bangalore
3. Millenium Synergy (P) Ltd., Bangalore
4. Larsen & Toubro Ltd., Chennai
5. Vikram Solar (P) Ltd., Kolkota.
6. Adtech Systems Ltd., Chennai.

(ഇ) 56 കോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly